# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7501 — 17.07.2012-ൽ മറുപടിയ്ക്ക്

### വെച്ചൂർ മോഡേൺറൈസ് മിൽ

ചോദ്യം
ശ്രീ.കെ.അജിത്

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വെച്ചൂർമോഡേൺറൈസ് മില്ലിൽ ഇതുവരെ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ; ബി) വെച്ചൂർ റൈസ് മില്ലിൽ സംഭരിച്ച നെല്ല് കെട്ടികിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ&ബി) വെച്ചൂർ മോഡേൺ റൈസ് മില്ലിൽ ഇതുവരെ 900 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 540 ടൺ നെല്ല് പ്രോസസ് ചെയ്ത് അരി ആക്കുകയുണ്ടായി. ബാക്കിയുള്ള നെല്ല് പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. മില്ലിൽ സംഭരിച്ച നെല്ല് കെട്ടികിടപ്പില്ല. |
| സി) വെച്ചൂർ മോഡേൺ റൈസ് മില്ലിൽ സംഭരിച്ച നെല്ല് സംസ്കരിക്കാനാകാതെ ഉപയോഗശൂന്യമായ സംഭവം ഉണ്ടായിട്ടുണ്ടോ ; | സി) വെച്ചൂർ റൈസ് മില്ലിൽ സംഭരിച്ച നെല്ല് സംസ്കരിച്ചുകൊണ്ടിരിക്കുകയാണ്. സംഭരിച്ച നെല്ല് ഉപയോഗശൂന്യമായിട്ടില്ല. |
| ഡി) വെച്ചൂർ റൈസ് മില്ലിൽ സംസ്കരിക്കുന്ന നെല്ല് സ്വകാര്യ മില്ലുകൾ ഉത്പാദിപ്പിക്കുന്ന അരിയിൽനിന്നും വിലകുറച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; | ഡി) വെച്ചൂർ റൈസ് മില്ലിൽ ഉൽപാദിപ്പിച്ച 300 ടൺ അരി സിവിൽ സപ്ലൈസ് കോർപ്പറേഷന് വില്ക്കുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ പൊതുവിപണിയിൽ ഏകദേശം 4 ടൺ അരി വില്ക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ